ഉത്തരം

(എ) 2169

(ബി) അസിസ്റ്റന്റ് സർജനും സിവിൽ സർജൻ ഗ്രേഡ് 2-ഉം തമ്മിൽ 5:1 എന്ന അനുപാതത്തിൽ സീനിയോറിറ്റിയുടെ അടിസ്ഥാനത്തിൽ പ്രമോഷൻ കൊടുത്തു വരുന്നു. കൂടാതെ ടി തസ്തികകൾക്ക് ഉപരിയായി സിവിൽ സർജൻ ഗ്രേഡ് 1, ഡെപ്യൂട്ടി ഡയറക്ടർ, അഡീഷണൽ ഡയറക്ടർ, ഡയറക്ടർ എന്നീ തസ്തികകളും കൂടിയുണ്ട്.

(സി) പുതിയ ശമ്പള പരിഷ്കാര ഉത്തരവിൻപ്രകാരം ഗ്രേഡ് 1 സിവിൽ സർജൻ തസ്തികകളെ അതിനു കീഴിലുള്ള തസ്തികകൾക്കു പ്രൊമോഷൻ നൽകുന്നതിനു വേണ്ടി അനുപാത ക്രമം നടപ്പിലാക്കുന്നതിൽനിന്നും ഒഴിവാക്കിയിട്ടുണ്ട്. ആ ഉത്തരവു നടപ്പിലാക്കുമ്പോൾ അസിസ്റ്റന്റ് സർജൻമാർക്കു സിവിൽ സർജൻ ഗ്രേഡ് 2 തസ്തികയിലേക്കുള്ള പ്രൊമോഷനുള്ള കാലദൈർഘ്യം കുറഞ്ഞു കിട്ടും.

(ഡി) ഈ ഉത്തരവ് നടപ്പിലാക്കാൻ സത്വര നടപടികൾ എടുത്തു വരുന്നു.

വടക്കാഞ്ചേരി താലൂക്ക് ആശുപത്രി

774 [1142] ശ്രീ. കെ. എസ്. നാരായണൻ നമ്പൂതിരി: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുജനാരോഗ്യ വകുപ്പു മന്ത്രി സദയം മറുപടി നൽകുമോ:

(എ) തൃശ്ശൂർ ഡിസ്ട്രിക്റ്റിൽ പെട്ട വടക്കാഞ്ചേരി താലൂക്ക് ആശുപത്രി 100 ബഡ്ഡുകളുള്ള ആശുപത്രിയാക്കി ഉയർത്തുവാൻ ഉൾക്കൊള്ളിച്ചിട്ടുള്ളതിന്റെ നടപടികൾ എന്തായി;

(ബി) ഈ ആശുപത്രിയുടെ പണികൾക്കായി ഒരു മാസ്റ്റർ പ്ലാൻ അയച്ചിരുന്നതിന്റെ സ്ഥിതി എന്തായി;

(സി) ഈ കൊല്ലം തന്നെ അവിടത്തെ പണി തുടങ്ങുവാൻ നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ) ഇതിലേക്ക് ആവശ്യമായ 30 കിടക്കകളിടാവുന്ന കെട്ടിടം കെട്ടുന്നതിലേക്ക് 4,35,000 രൂപയുടെ അടങ്കൽ അനുവദിച്ചിട്ടുണ്ട്.

(ബി) മാസ്റ്റർ പ്ലാൻ തയ്യാറാക്കിയിട്ടില്ല.

(സി) പണി തുടങ്ങുന്നതിലേക്ക് ടെൻഡർ വിളിക്കുന്നതിനുള്ള നടപടി തുടങ്ങിക്കഴിഞ്ഞു.

LIBRARY ARCHIVES Kerala Legislative Assembly